**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2570** **23-02-2026 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ വിജിലൻസ് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. യുടെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 16.01.2026-ന് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ സംസ്ഥാനത്തെ 64 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. പരിശോധനയുടെ ഔദ്യോഗിക റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. എങ്കിലും, ഫീൽഡ് ഓഫീസുകളിൽ നിന്നുള്ള പ്രാഥമിക വിവരങ്ങൾ പ്രകാരം ടെൻഡർ നടപടികൾ, കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള മീറ്റർ റീഡിംഗ്, ചില ഡിജിറ്റൽ പണമിടപാടുകൾ, നിർബന്ധിത രജിസ്റ്ററുകളുടെ പരിപാലനം എന്നിവ സംബന്ധിച്ച ചില നിരീക്ഷണ ങ്ങൾ ഉയർന്നതായി അറിയുന്നു. നിയമപരമായ സമയപരിധിക്കുള്ളിൽ ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കേണ്ട സാഹചര്യത്തിൽ സ്വീകരിച്ച നടപടികളാ-ണെന്ന് ബന്ധപ്പെട്ട ഓഫീസുകൾ വിശദീകരിച്ചിട്ടുണ്ട്. ഔദ്യോഗിക റിപ്പോർട്ട് ലഭിക്കുന്നതോടെ വിഷയങ്ങൾ വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>സംസ്ഥാന വിജിലൻസ് വിഭാഗം കെഎസ്ഇബി ലിമിറ്റഡിന്റെ സെക്ഷനോ ഫീസുകളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ നിലവിൽ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്ന് വിശദീകരണം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇല്ല |
| (സി) | മേൽപ്പറഞ്ഞ ക്രമക്കേടുകൾ സംബന്ധിച്ച് നാളിതുവരെ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ